# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1812** — **08.06.2018-ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം സ്മാർട്ട് സിറ്റി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.മുരളീധരൻ** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയുടെ കൺസൾട്ടന്റിനെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് സ്ഥാപനത്തെയാണ് കൺസൾട്ടന്റായി തെരഞ്ഞെടുത്തത്; | (എ) ഐ.പി.ഇ. ഗ്ലോബൽ - ജെ.എൽ.എൽ. കൺസോർഷ്യത്തെ കൺസൾട്ടന്റായി തിരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) ഈ പദ്ധതിക്കായി ആദ്യം തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനം കരിമ്പട്ടികയിൽ ഉൾപ്പെട്ടിരുന്ന ഒരു കമ്പനിയായിരുന്നോ; പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കി പുതിയ സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുത്തത് മൂലം പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന് ആറ് മാസത്തെ സമയനഷ്ടം ഉണ്ടായിട്ടുണ്ടോ; | (ബി) അതെ.<br>കരിമ്പട്ടികയിൽ ഉൾപ്പെട്ട സ്ഥാപനത്തെ ഒഴിവാക്കി പുതിയ സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുത്തത് മൂലം പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന് സമയനഷ്ടം ഉണ്ടായിട്ടില്ല. |
| (സി) ഈ പദ്ധതിയുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; ഈ പദ്ധതിക്ക് എത്ര കോടി രൂപയാണ് വിനിയോഗിക്കുന്നതെന്നും അതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും കോർപ്പറേഷന്റെയും വിഹിതം എത്രയാണെന്നും വ്യക്തമാക്കുമോ; | (സി) തിരുവനന്തപുരം സ്മാർട്ട് സിറ്റിയുടെ ആദ്യ ഘട്ടമായി നടപ്പിലാക്കുന്ന ഫാസ്റ്റ് ട്രാക്ക് പ്രോജക്ടുകളുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഈ പദ്ധതിയ്ക്ക് ആകെ 1538.19 കോടി രൂപയാണ് പദ്ധതി ചെലവായി സ്മാർട്ട് സിറ്റി പ്രോപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>കേന്ദ്ര വിഹിതം - 500 കോടി രൂപ<br>സംസ്ഥാന വിഹിതം - കേന്ദ്രവിഹിതത്തിന് സമാനമായ തുക (അനുപാതം 50 : 50)<br>തിരുവനന്തപുരം കോർപ്പറേഷൻ-135.7 കോടി രൂപ |
| (ഡി) ഈ പദ്ധതിക്കായി കേന്ദ്ര വിഹിതമായി ഇതിനകം എന്തെങ്കിലും തുക ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) കേന്ദ്ര ഭവന നിർമ്മാണ - നഗരവികസന മന്ത്രാലയത്തിൽ നിന്ന് പ്രോജക്ട് ഫണ്ടായി 16 കോടി രൂപയും A&OE ഫണ്ടായി 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ഇ) പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുവാൻ തന്നെ കാലതാമസമുണ്ടായ സാഹചര്യത്തിൽ നാല് വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ? | (ഇ) സമയബന്ധിതമായി പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കി ടെണ്ടർ ചെയ്ത് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റുമായി കരാറിൽ ഏർപ്പെട്ട ഉടൻ തന്നെ സാങ്കേതിക സമിതി കൂടുകയും ഫാസ്റ്റ് ട്രാക്ക് പ്രോജക്ടുകൾ തിരഞ്ഞെടുത്ത് എത്രയും പെട്ടെന്ന് നടപ്പിലാക്കാനുള്ള നടപടി ക്രമങ്ങൾ നടത്തിവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ